ങ്ങും ചെയ്യാനും കഴിയും. അതുകൊണ്ട് ഗവൺമെൻറ് അവർക്ക് കൈവശ രേഖ നൽകാൻ ആവശ്യമായ നടപടികളും എടുക്കണം. തോട്ടക്കാട് ഭൂമി എന്നറിയപ്പെടുന്ന ഭൂമി ഒരു മിച്ചഭൂമി എന്ന നിലയ്ക്ക് ഭൂരഹിതരായിട്ടുള്ള ആളുകളും സമരം നടത്തി നേടിയെടുത്തിട്ടുള്ള ഭൂമിയാണ്. അതുപോലെ തന്നെ മറ്റു ചില ആളുകളും അവകാശപ്പെട്ടവർ എന്നു പറഞ്ഞുകൊണ്ട് രേഖ വാങ്ങിച്ചിട്ടുണ്ട്. പക്ഷെ രണ്ടു സർവ്വേ നമ്പരുകളിൽ കിടക്കുന്ന ഭൂമിയായതു കൊണ്ട് കൈവശാവകാശത്തെപ്പറ്റിയുള്ള തർക്കം നിലനിൽക്കുന്നു. അവർക്കാർക്കും തന്നെ ഇതേവരെ കൈവശ പട്ടയം കൊടുത്തിട്ടില്ല. അതുകൊണ്ട് ഈ രണ്ടു വില്ലേജുകളിലെ തോട്ടക്കാട് ഭൂമിയിലെ കൈവശ കൃഷിക്കാർ യഥാർത്ഥ കൈവശം കൃഷിക്കാർ ആര് എന്ന് പരിശോധിക്കുവാൻ റവന്യൂ ഡിപ്പാർട്ടുമെൻറും അതുപോലെ ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറും തമ്മിൽ കൂടിയാലോചിച്ച് സയുക്തമായി ഒരു വെരിഫിക്കേഷൻ നടത്തി അർഹരായ യഥാർത്ഥ കൈവശക്കാർക്ക് അവിടെ താമസിച്ചു വരുന്നവർക്ക് കൃഷിയോഗ്യമാക്കിതീർത്തിട്ടുള്ള കുഴിക്കൂർ ചമയങ്ങളും വച്ചുപിടിപ്പിച്ചിട്ടുള്ള യഥാർത്ഥ കൃഷിക്കാർ ആരെന്ന് പരിശോധിച്ച് അതിൻെറ അടിസ്ഥാനത്തിൽ അവർക്ക് കൈവശ പട്ടയം നൽകാൻ, കൈവശരേഖ നൽകാൻ ആവശ്യമായ അടിയന്തിര നടപടികളും സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയോട് അപേക്ഷിക്കുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, അന്തരിച്ച ശ്രീ. വി. കെ. കൃഷ്ണമേനോൻെറ കുടുംബ വകയായ ജന്മഭൂമിയാണ് തോട്ടക്കാട് ഭൂമി. ഇതിൽ ചിലർ കൈവശാവകാശം ഉന്നയിച്ചിട്ടുണ്ട്. ലാൻഡ് ട്രൈബ്യൂണലിൻെറ മുൻപിൽ കേസ് സുണ്ട്. ഈ കേസ് മിച്ചഭൂമി ആണെന്നുള്ള കേസ്-ലാൻഡ് ബോർഡിൻെറ മുൻപിലും ഉണ്ട്. ഈ രണ്ടുകാര്യങ്ങളിലും ഏറ്റവും വേഗം തീരുമാനം എടുക്കുന്നതിനുവേണ്ട നിർദ്ദേശം കൊടുക്കുന്നതാണ്. ലാൻഡ് ബോർഡിൻെറ മുൻപിലും ലാൻഡ് ട്രൈബ്യൂണലിൻെറ മുൻപിലും കേസ്സുള്ളതുകൊണ്ട് അവർക്ക് ഈ കാര്യത്തിൽ എത്രയും വേഗം തീരുമാനമെടുക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കുന്നതാണ്.

(5) എറണാകുളത്തെ ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. പി. പി. തങ്കച്ചൻ: സർ, കൊച്ചി സംസ്ഥാനം നിലവിലിരുന്ന അവസരത്തിൽ ഏതാണ്ട് 140 വർഷങ്ങൾക്കു മുൻപ് കൊച്ചി സംസ്ഥാനത്തിൻെറ ജനറൽ ആശുപത്രിയെന്നുള്ള നിലയിലാണ് എറണാകുളം ജനറൽ ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചത്. കഴിഞ്ഞ 50 വർഷക്കാലമായി എറണാകുളം ജനറൻ ആശുപത്രയിൽ വികസനപ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ലെന്നുള്ള ദുഃഖകരമായ സത്യം ഞാൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പിൻെറ ചുമതലകൂടി വഹിക്കുന്ന മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടു വരാനാഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഏതാനും സമയത്തിനു മുൻപ് ഇവിടെ പറഞ്ഞു ഏറ്റവും കൂടുതൽ വാഹനങ്ങളുള്ളതും, ഓടുന്നതും ഏറ്റവും കൂടുതൽ വാഹനാപകടങ്ങളും ഉണ്ടാകുന്നതും, കൊച്ചിൻ പട്ടണത്തിലാണെന്ന്. പക്ഷേ എറണാകുളം ജനറൽ ആശുപത്രിയിൽ ഒരു ന്യൂറോ സർജറി വിഭാഗം പോലും പ്രവർത്തിക്കുന്നില്ലായെന്നുള്ള വസ്തുത ഞാനീയവസരത്തിൽ പ്രത്യേകമായി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുകയാണ്. തന്നെയുമല്ല, വളരെ പഴകിയ രണ്ട് ഓപ്പറേഷൻ തീയേറ്ററുകളാണ് ഇന്നും ആ ആശുപത്രിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പേ വാർഡിൽ ആകെ 30 ബെഡ്ഡുകൾക്കുള്ള സ്ഥലസൗകര്യം മാത്രമേയുള്ളൂ. ഏറ്റവും ചുരുങ്ങിയത് ഒരു ജനതാ പേ വാർഡ് എങ്കിലും ആരംഭിച്ച് 100

LIBRARY ARCHIVES Kerala Legislative Assembly

ബെഡ്ഡുകൾക്കുള്ള സൗകര്യമെങ്കിലും അവിടെ ആരംഭിക്കേണ്ടതു് ഒഴിച്ചു കൂടാൻ വയ്യാത്ത ഒരാവശ്യമാണു്. നിലവിലുള്ള രണ്ടു് ഓപ്പറേഷൻ തീയേറ്ററുകൾ വച്ചുകൊണ്ടു് അവിടെ ഒരു കാര്യവും നടത്തിക്കൊണ്ടുപോകാൻ സാദ്ധ്യമല്ല. ഒരു ഓപ്പറേഷൻ കോംപ്ലക്സു് തന്നെ അവിടെ ആരംഭിക്കേണ്ടതു് ഏറ്റവും ആവശ്യമാണെന്നു് മാത്രമല്ല, അവിടെ 1983-ൽ ശ്രീ. കെ. ജി. ആർ. കർത്ത ഒരു പോളി ക്ലിനിക്കിനു വേണ്ടി ഒരു തറക്കല്ലിടുകയുണ്ടായി. എന്നാൽ അതിനുശേഷമുള്ള പ്രവർത്തനങ്ങൾ ഒന്നും നടന്നിട്ടില്ല. കോഴിക്കോട്ടും തിരുവനന്തപുരത്തും, തൃശൂരും ആലപ്പുഴയിലും ഒക്കെ മെഡിക്കൽ കോളേജാശുപത്രികൾ ഉള്ളതിനാൽ സൗകര്യങ്ങളുണ്ടു്. പക്ഷേ ഏറ്റവും പ്രധാനപ്പെട്ട ഒരു പട്ടണമെന്നുള്ള നിലയിലും ഏറ്റവും കൂടുതൽ അപകടമുണ്ടാകുന്ന ഒരു പട്ടണമെന്നുള്ള നിലയിലും ഇന്നു് കൊച്ചിയിൽ മെഡിക്കൽ കോളേജാശുപത്രിയിലുള്ളതായ യാതൊരു സൗകര്യവും ഇല്ല. അതുകൊണ്ടു് ജനറൽ ആശുപത്രിയുടെ കാര്യത്തിൽ വളരെ അടിയന്തിരമായി ഈ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. ഒരു കാര്യം കൂടി ഞാൻ സൂചിപ്പിക്കുവാനാഗ്രഹിക്കുകയാണു്. ഈ വാഹനങ്ങളുടെ കാര്യത്തിൽ എറണാകുളം നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. എൽ. ജേക്കബ് ഒരുകാര്യം പ്രത്യേകം സൂചിപ്പിക്കാൻ പറഞ്ഞതുകൂടി ഞാൻ സൂചിപ്പിക്കുകയാണു്. ഏതാണ്ടു് 60,000 ത്തോളം ട്രിപ്പുകളാണു്. ദിവസവും കൊച്ചി പട്ടണം വഴി നടത്തുന്നതു്. ഇങ്ങനെ 60,000 ത്തോളം ട്രിപ്പുകൾ എറണാകുളവും കൊച്ചിയും വഴി കടന്നു പോകുന്നുവെന്നാണു് കണക്കുകൾ കാണിക്കുന്നതു് അതിനെത്തുടർന്നു് അത്രയേറെ അപകട സാദ്ധ്യതകളും അവിടെ ഉണ്ടാകുന്നുണ്ടു്. അതുകൊണ്ടു് അവിടെ അടിയന്തരമായി ഒരു ന്യൂറോ-സർജറി വിഭാഗം ആരംഭിക്കേണ്ടതാണു്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ജില്ലാ ആശുപത്രിയുടെ അംഗീകൃത സമീപനത്തിൽ ന്യൂറോളജി ഡിപ്പാർട്ടുമെൻറു് അനുവദിക്കാറില്ല. അതുകൊണ്ടു് ആ കാര്യത്തിൽ അല്പം പ്രായോഗികമായ ബുദ്ധിമുട്ടുണ്ടു്. മറ്റുകാര്യങ്ങളിൽ ബഹുമാനപ്പെട്ട മെംബർ ഇവിടെ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളിൽ പലതിലും നടപടികൾ സ്വീകരിച്ചു കഴിഞ്ഞിരിക്കുകയാണു്. നമ്മുടെ കേരളാ ഹെൽത്തു് റിസേർച്ചു് ആൻറു് വെൽഫെയർ സൊസൈറ്റിയുമായിട്ടു് കോംപ്ലക്സിൻറെ കാര്യത്തിനും അതുപോലെതന്നെ പോളി ക്ലിനിക്കിൻറെ കാര്യത്തിനുമായി കൂടിയാലോചന നടത്തിയിട്ടുണ്ടു്. അവിടെ അംഗീകൃത പേ വാർഡു് നിർമ്മിക്കാൻ വേണ്ടി അവരോടു് ആവശ്യപ്പെട്ടിരിക്കുകയാണു്. എന്തുകൊണ്ടെന്നാൽ അവർക്കാണെങ്കിൽ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പണം എടുത്തുകൊണ്ടു് നിർമ്മിക്കാൻ സാധിക്കുമെന്നതുകൊണ്ടു് അവരുമായി സംസാരിച്ചു് അതു് അവരെ ഏല്പിക്കുന്നതായിരിക്കും. അതുപോലെ എറണാകുളത്തു് മാതൃകാപരമായി ഒരു ബ്ലഡ് ബാങ്കു് തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. ഇതിനു മുൻപു് ഇവിടെ സൂചിപ്പിച്ചതുപോലെ ഇപ്പോൾ ബ്ലഡ് ട്രാൻസ്മിഷനിലൂടെ വളരെ കുഴപ്പങ്ങൾ വരുന്നതായിട്ടു് അറിഞ്ഞതുകൊണ്ടു് ഫുൾ പ്രൂഫ് ആയിട്ടു് 3 ബ്ലഡ് ബാങ്കുകൾ തുടങ്ങുന്നതിൽ ഒരെണ്ണം എറണാകുളത്താണു്. അതിനുവേണ്ടിയുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടു്. അതുപോലെ ആർട്ടിഫിഷ്യൽ ഇൻസിഷൻ സംബന്ധിച്ച ഒരു യൂണിറ്റും എറണാകുളത്തു് സ്ഥാപിക്കുന്നുണ്ടു്. ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിലൊക്കെ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ടു്. പക്ഷേ ന്യൂറോളജിയെ സംബന്ധിച്ചിടത്തോളം അതു് ജില്ലാ ആശുപത്രികളിലില്ല എന്നതുകൊണ്ടു് അക്കാര്യം ഇപ്പോൾ പരിഗണിച്ചിട്ടില്ല. ഇനി വല്ല സാദ്ധ്യതയും ഉണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

വല്ല ഭേദഗതിയോ മറ്റോ വരുത്തുന്നകാര്യം സാങ്കേതികമായി ആലോചിക്കേണ്ടതാണു്. അത് ബന്ധപ്പെട്ട ആളുകളുമായി ആലോചിക്കുകയും ചെയ്യാം.

(6) എറിയാട് പഞ്ചായത്തിൽ നെഹ്രു പാലത്തിന്റെയും തച്ചമ്പിള്ളി പാലത്തിന്റേയും പണി

ശ്രീ. വി. കെ. രാജൻ : സർ, എറിയാട് പഞ്ചായത്തിൽ കൗൺസിൽ കടവിൽ സ്വാതന്ത്ര്യസമര സേനാനി അബ്ദുറഹിമാൻ സാഹിബ്ബിന്റെ നാമധേയത്തിൽ ഒരു റോഡുണ്ട്. ആ റോഡിന്റെ അറ്റത്ത് നെഹ്രു
10 a. m.] വിന്റെ പേരിൽ ഒരു പാലംപണിയാൻ നിരവധിവർഷങ്ങളായി നമ്മുടെ ബഡ്ജറ്റിൽ തന്നെ പണം ഉൾക്കൊള്ളിച്ചിരുന്നതാണ്. അത് പിന്നീട് ഫിഷറീസ് ഡിപ്പാർട്ടുമെന്റിലേക്ക് വക മാറ്റി. എന്നാൽ നാളിതുവരെ പാലം പണിതിട്ടില്ല. ഞാൻ ഈ പറയുന്ന സ്ഥലം മൽസ്യത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രദേശമാണ്. മൽസ്യബന്ധനം നടത്തിയതിനുശേഷം അത് കയറ്റിയിറക്കുന്നതിന് യാതൊരു സൗകര്യവുമില്ലാത്ത ഏറ്റവും ശോചനീയമായ അവസ്ഥ അവിടെ സ്ഥായിയായി നിലനിൽക്കുന്നുണ്ട്. അതിനുവേണ്ടി മുഖ്യമന്ത്രിയുടെ മുൻപിലും ഉപമുഖ്യമന്ത്രിയുടെ മുമ്പിലുമൊക്കെ നിരവധി നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ആ പ്രദേശത്തെ ആളുകൾ കക്ഷിരാഷ്ട്രീയത്തിനതീതമായി കമ്മിറ്റി രൂപീകരിച്ചുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതാണെങ്കിലും നാളിതുവരെ അത് പ്രാവർത്തികമാക്കിയിട്ടില്ല.

മറ്റൊരു കാര്യമുള്ളത് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മാള നിയോജക മണ്ഡലവും കൊടുങ്ങല്ലൂർ മണ്ഡലവും കൂടി ബന്ധിപ്പിക്കുന്ന തച്ചംപള്ളി പാലത്തിന്റെ കാര്യമാണ്. അത് ബഡ്ജറ്റിലുള്ളതാണ്. അതിന് സ്ഥലമൊക്കെ കൊടുത്തതാണ്. എന്നാൽ നാളിതുവരെ അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് തന്നെ ഞാൻ കഴിഞ്ഞ ദിവസം അത് സൂചിപ്പിച്ചു. തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഘട്ടത്തിലെങ്കിലും അങ്ങ് ഇടപെട്ടാൽ നന്നായിരിക്കും. അതുകൊണ്ട് അടിയന്തിരമായും തച്ചംപള്ളി പാലത്തിന്റെ കാര്യം ഉൾപ്പെടെ ഈ രണ്ടു പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളും എത്രയും വേഗം നടത്തണം. ഇത് ബഡ്ജറ്റിലുള്ളതാണ്. നിരവധി വർഷങ്ങളായിട്ടുള്ളതാണ്. എസ്റ്റിമേറ്റെല്ലാം എടുത്ത് അംഗീകാരത്തിനുവേണ്ടി ചീഫ് എഞ്ചിനീയറുടെ ആഫീസിലും ഗവൺമെന്റിലും നൽകിയതാണ്. എത്രയും വേഗം പ്രാവർത്തികമാക്കാൻ മുഖ്യമന്ത്രി തന്നെ പ്രത്യേകം താൽപര്യമെടുക്കണം. അങ്ങേയ്ക്കുകൂടി താൽപര്യമുള്ള കാര്യമാണ്. എന്റെ മണ്ഡലത്തിനും കുറച്ചാനുകൂല്യമുണ്ട്. അങ്ങയുടെ മണ്ഡലത്തിനാണ് കൂടുതൽ ആനുകൂല്യമുള്ളത്. തച്ചംപള്ളി പാലത്തിന്റെ കാര്യം അങ്ങ് കൂടി ഉപമുഖ്യമന്ത്രിയോട് പറഞ്ഞ് അത് പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ അബ്ദുറഹിമാൻ സാഹിബിന്റെ പേരിലുള്ള പാലത്തിന് 10.75 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി ഫിഷറീസ് ഡയറക്ടർക്ക് അയച്ചു. സാമ്പത്തിക പരിമിതിമൂലം ഈ പണിക്ക് ഇതുവരെ ഭരണാനുമതി നൽകി കഴിഞ്ഞിട്ടില്ല. അത് ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽനിന്നും കിട്ടിക്കഴിഞ്ഞതിനുശേഷം അതുമായി മുന്നോട്ടു പോകാൻ പൊതുമരാമത്തുവകുപ്പ് തയ്യാറാണ്. മാള കൊടുങ്ങല്ലൂർ മണ്ഡലങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന തച്ചംപള്ളി പാലത്തിന്റെ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വളരെ കാലങ്ങളായി പറഞ്ഞുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly